2025
NOVEMBER
05
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഉപഗ്രഹ അധിഷ്ഠിത സമുദ്രപഠനം അനിവാര്യം




**കൊച്ചി:** മത്സ്യമേഖലയിലെ ഗവേഷണ സംവിധാനങ്ങളിൽ ഉപഗ്രഹ അധിഷ്ഠിത സമുദ്രപഠനം അനിവാര്യമാണെന്ന് ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനത്തിന്റെ (ഐഎസ്ആർഒ) മുൻ ചെയർമാൻ ഡോ എസ്. സോമനാഥ്. സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, ഡേറ്റ സംയോജനം എന്നിവയിലൂടെ ഇന്ത്യ സമുദ്രഗവേഷണ ദൗദ്യം ശക്തിപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. നാലാമത് ആഗോള മറൈൻ സിംപോസിയം (മീകോസ് 4) കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമുദ്ര നിരീക്ഷണങ്ങൾക്കായി നിരവധി ഉപഗ്രഹങ്ങൾ പരിഗണനയിലുണ്ട്. കടൽ ആവാസവ്യവസ്ഥയെയും ജീവജാലങ്ങളെയും കൂടുതൽ കൃത്യതയോടെ മനസ്സിലാക്കാൻ ഇത് ഉപകരിക്കും.

ഐ.എസ്.ആർ.ഒ ഇന്ത്യയുടെ ബഹിരാകാശ ഗവേഷണത്തിന് നേതൃത്വം നൽകിയത് പോലെ, സമുദ്ര ഗവേഷണത്തിൽ രാജ്യത്തിന്റെ വൈദഗ്ദ്ധ്യം ഏകീകരിക്കുന്നതിന് ഒരു സംയോജിത പ്ലാറ്റ്ഫോം ആവശ്യമാണെന്നും ഡോ. സോമനാഥ് പറഞ്ഞു. ഹൈപ്പർസ്പെക്ട്രൽ സെൻസറുകളും ഡാറ്റാ സംയോജനവും വേണം. നിലവിൽ സമുദ്ര നിരീക്ഷണത്തിന് ഹൈപ്പർസ്പെക്ട്രൽ സെൻസറുകളുടെ കുറവുണ്ട്. ഇത് ഭാവിയിലെ സമുദ്ര നിരീക്ഷണത്തിനും മാപ്പിംഗിനും നിർണായകമാണ്. തത്സമയ വിവരശേഖരണവും നിരീക്ഷണ പരിധിയും മെച്ചപ്പെടുത്തുന്നതിനായി ബോയികളുടെയും ആളില്ലാ വ്യോമ വാഹനങ്ങളുടെയും വിന്യാസം വർദ്ധിപ്പിക്കേണ്ടതുണ്ട്. സമുദ്രത്തിന്റെ ആഴങ്ങളിൽ നിന്ന് ഡേറ്റ ശേഖരിക്കാൻ കഴിവുള്ള ആഴക്കടൽ സെൻസറുകൾ രാജ്യത്തിന് ആവശ്യമാണ്. നിർമിത ബുദ്ധി സമുദ്ര ഡേറ്റ സംവിധാനങ്ങളുമായി സംയോജിപ്പിച്ച് വിശകലനം, പ്രവചന മാതൃകകൾ എന്നിവക്കായി ഉപയോഗിക്കാമെന്നും അദ്ദേഹം പറഞ്ഞു. മാരിടൈം സഹകരണം ഇന്ത്യയുടെ പ്രധാന മുൻഗണന വിഷയമാണെന്ന് കേന്ദ്ര വിദേശകാര്യ ജോയിന്റ് സെക്രട്ടറി സി. എസ്. ആർ റാം പറഞ്ഞു. സമുദ്ര സുരക്ഷ, വ്യാപാരം, നീല സമ്പദ്വ്യവസ്ഥയുടെ വികസനം എന്നിവയ്ക്ക് ഇത് നിർണായകമാണെന്നും അദ്ദേഹം പറഞ്ഞു.

നാല് പതിറ്റാണ്ടിലേറെയായി ഫിഷറീസ് സമുദ്രകൃഷി (മാരികൾച്ചർ) മേഖലക്ക് നൽകിയ മികച്ച സംഭാവനകൾ പരിഗണിച്ച് പ്രമുഖ സമുദ്ര ശാസ്ത്രജ്ഞൻ ഡോ ജി ഗോപകുമാറിന് മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ നാലാമത് ഡോ എസ്. ജോൺസ് സ്മാരക പുരസ്കാരം ചടങ്ങിൽ സമ്മാനിച്ചു. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ഐസിഎആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ജെ കെ ജെന അധ്യക്ഷത വഹിച്ചു. ഡോ. പി. കൃഷ്ണൻ, ഡോ ചെർദ്സാക് വിരാപട്, ഡോ ബിജയ് കുമാർ ബെഹ്റ, ദൊഡ്ഡ വെങ്കട സ്വാമി, ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ഗ്രിൻസൺ ജോർജ് എന്നിവർ പ്രസംഗിച്ചു.സി.എം.എഫ്.ആർ.ഐയുമായി സഹകരിച്ച് മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന സിംപോസിയം സംഘടിപ്പിക്കുന്നത്.

## ഇൻഷുറൻസ് പോളിസി രേഖകളും നിബന്ധനകളും പ്രാദേശിക ഭാഷയിൽ ലഭ്യമാക്കണം



**കൊച്ചി:** ഇൻഷുറൻസ് പോളിസികളുടെ നിബന്ധനകളും വ്യവസ്ഥകളും ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്ന പ്രാദേശിക ഭാഷയിൽ ലഭ്യമാക്കാൻ ഇൻഷുറൻസ് കമ്പനികൾക്ക് നിർദ്ദേശം നൽകുന്നത് പരിഗണിക്കണമെന്ന് ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി നിർദ്ദേശം നൽകി. ഭാഷാപരമായ പരിജ്ഞാനം കുറഞ്ഞ പോളിസി ഉടമകൾക്ക് ന്യായമായ പരിഗണനയും സുതാര്യതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് കോടതിയുടെ നിരീക്ഷണം. എറണാകുളം മുപ്പത്തടം സ്വദേശി കെ. പി അബ്ദുൽ നാസർ നൽകിയ പരാതി നിരാകരിച്ചു കൊണ്ടുള്ള ഉത്തരവിലാണ് കോടതി ഇങ്ങനെ അഭിപ്രായപ്പെട്ടത്.

പോളിസിയുടെ നിബന്ധനകൾ ഇംഗ്ലീഷിലായിരുന്നതിനാൽ അത് വായിക്കാനും മനസ്സിലാക്കാനും കഴിയാത്ത പരാതിക്കാരന്, അടച്ച പ്രീമിയം തുക കാലാവധി പൂർത്തിയാകുമ്പോൾ തിരികെ ലഭിക്കുമെന്ന് തെറ്റിദ്ധാരണയുണ്ടായതായി ഡി.ബി ബിനു അദ്ധ്യക്ഷനും വി.രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബഞ്ച് ചൂണ്ടിക്കാട്ടി. ഇൻഷുറൻസ് പോളിസിയുടെ വ്യവസ്ഥകൾ പ്രകാരം, സറണ്ടർ മൂല്യം ലഭിക്കുന്നതിന് കുറഞ്ഞത് മൂന്ന് വാർഷിക പ്രീമിയമെങ്കിലും അടയ്ക്കണമായിരുന്നു. എന്നാൽ പരാതിക്കാരൻ രണ്ട് പ്രീമിയം മാത്രമാണ് അടച്ചത്. അതിനാൽ പോളിസി വ്യവസ്ഥകൾ ലംഘിക്കപ്പെടാത്ത സാഹചര്യത്തിൽ, ഇൻഷുറൻസ് കമ്പനിയുടെ നടപടിയിൽ സേവനത്തിൽ വീഴ്ചയോ അന്യായമായ വ്യാപാര സമ്പ്രദായങ്ങളോ ഇല്ലെന്ന് കോടതി കണ്ടെത്തുകയും പരാതി നിരാകരിക്കുകയും ചെയ്തു.

പോളിസി കരാർ, പ്രധാന ഉൽപ്പന്ന വിവരങ്ങൾ, ആനുകൂല്യ രേഖകൾ, പോളിസി ലാപ്സ്, പുനരുജ്ജീവന വ്യവസ്ഥകൾ തുടങ്ങിയ നിർണ്ണായകമായ എല്ലാ വിവരങ്ങളും ഉപഭോക്താവ് ആവശ്യപ്പെടുന്ന പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്നത് ഇൻഷുറൻസ് മേഖലയിൽ കൂടുതൽ സുതാര്യത കൊണ്ടുവരുന്നതിന് സഹായകമാകുമെന്നും കോടതി അഭിപ്രായപെട്ടു. മാത്രമല്ല, ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം അറിയാനുള്ള അവകാശവുമാണെന്ന് കോടതി വ്യക്തമാക്കി. പോളിസി വിൽക്കുന്ന സമയത്ത്, പ്രാദേശിക ഭാഷയിലുള്ള ഈ രേഖകൾ ഉപഭോക്താവ് വായിച്ച് മനസ്സിലാക്കി എന്ന് വ്യക്തമായ രേഖാമൂലമുള്ള അംഗീകാരം ഇൻഷുറൻസ് കമ്പനികൾ വാങ്ങണമെന്നും ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റിയോട് കോടതി ശുപാർശ ചെയ്തു.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 9%*
വാർഷിക പലിശ
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

## ഇന്ത്യ- ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ: നാലാം റൗണ്ട് ചർച്ചകൾക്ക് തുടക്കം

**ന്യൂഡൽഹി:** ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാറിനായുള്ള നാലാം റൗണ്ട് ചർച്ചകൾക്ക് ന്യൂസിലൻഡിലെ ഓക്ക് ലൻഡിൽ ആരംഭിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള സന്തുലിതവും സമഗ്രവും ഉഭയകക്ഷി പ്രയോജനകരവുമായ പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകുന്നതിൽ സുപ്രധാന ചുവടുവയ്പ്പാണിത്. 2025 മാർച്ചിൽ ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണിന്റെ സന്ദർശന വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മുന്നോട്ട് വച്ച മാർഗനിർദേശത്തിലും, സാമ്പത്തിക സഹകരണം കൂടുതൽ ശക്തിപ്പെടുത്താനുള്ള സമാന പ്രതിബദ്ധതയിൽ നിന്നുമാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര ബന്ധം കെട്ടിപ്പടുക്കുന്നത്.

2025 മാർച്ച് 16 ന് ഭാരത സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലും ന്യൂസിലൻഡ് സർക്കാരിന്റെ വ്യാപാര നിക്ഷേപ മന്ത്രി ടോഡ് മക്ലേയും തമ്മിലുള്ള കൂടിക്കാഴ്ചയിലാണ് സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾക്ക് തുടക്കമായത്. ചരക്ക് വ്യാപാരം, സേവന വ്യാപാരം, മൗലിക ചട്ടങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രധാന മേഖലകളിലാണ് ഈ റൗണ്ടിലെ ചർച്ചകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

മുൻ റൗണ്ടുകളിൽ കൈവരിച്ച പുരോഗതിയെ ആധാരമാക്കി, കാലികമായ വിഷയങ്ങളിൽ സമവായത്തിലെത്തുന്നതിനും സ്വതന്ത്ര വ്യാപാര കരാറിന്റെ ദ്രുതഗതിയിലുള്ള സാക്ഷാത്കാരത്തിനും വേണ്ടി ഇരുപക്ഷവും ക്രിയാത്മകമായി പ്രവർത്തിക്കുന്നു. ഇരു സമ്പദ്വ്യവസ്ഥകളുടെയും സുസ്ഥിര വളർച്ചയും സമൃദ്ധിയും ലക്ഷ്യമിട്ടുള്ള ഭാവിസജ്ജവും സമഗ്രവുമായ ഒരു വ്യാപാര ചട്ടക്കൂട് വികസിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത ഇന്ത്യയും ന്യൂസിലൻഡും ഊട്ടിയുറപ്പിക്കുന്നു.

# ജില്ലാ പഞ്ചായത്ത് അംഗങ്ങളും, ജീവനക്കാരും ഒത്തുകൂടി



**കൊച്ചി:** മികവാർന്ന പ്രവർത്തനങ്ങളുടെ അനുഭവങ്ങൾ പങ്ക് വച്ച് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെയും ജീവനക്കാരുടെയും അവസാന ഒത്തുചേരൽ ഹൃദ്യമായി. ജില്ലാ പഞ്ചായത്ത് 2020-2025 ഭരണ സമിതിയുടെ കാലത്തുണ്ടായിരുന്ന മുഴുവൻ ജീവനക്കാരും നിർവഹണ ഉദ്യോഗസ്ഥരും പങ്കെടുത്ത ചടങ്ങിൽ മുൻ ജില്ലാ കളക്ടറും ഇപ്പോഴത്തെ പൊതു വിദ്യാഭ്യാസ ഡയറക്ടറുമായ എൻ. എസ്. കെ ഉമേഷിന്റെ സാന്നിധ്യം ശ്രദ്ധേയമായി.

ജില്ലാ പഞ്ചായത്ത് അംഗങ്ങളും ജീവനക്കാരും അനുഭവങ്ങൾ പങ്കുവച്ചു. സംസ്ഥാനത്തെ ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തായി എറണാകുളം ജില്ലാ പഞ്ചായത്തിനെ മാറ്റിയെടുക്കാൻ കഴിഞ്ഞത് ചരിത്രനേട്ടമാണെന്നും, ഇതിന് സാഹചര്യമുണ്ടാക്കിയത് ഭരണ സമിതിയോടൊപ്പം നിന്ന ജീവനക്കാരും ഉദ്യോഗസ്ഥരുമാണെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ പറഞ്ഞു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ യാതൊരുവിധ അഭിപ്രായ വ്യത്യാസങ്ങളോ, തർക്കങ്ങളോ, വിയോജിപ്പുകളോ പ്രതിഷേധ സമരങ്ങളോ ഇല്ലാതെ എല്ലാ കാര്യങ്ങളും ഏകകണ്ഠമായി നടപ്പിലാക്കുവാൻ കഴിഞ്ഞുവെന്നത് മാതൃകയാണെന്നും പ്രസിഡന്റ് പറഞ്ഞു.

## നെട്ടൂർ പൂതേപ്പാടം തോട് നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി

**കൊച്ചി:** മരട് നഗരസഭയുടെ നേതൃത്വത്തിൽ നെട്ടൂർ പൂതേപ്പാടം തോട് നവീകരണം പ്രവർത്തനങ്ങൾക്ക് തുടക്കമായി . നഗരസഭാ ചെയർപേഴ്സൺ ആന്റണി ആശാംപറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു.മരടിന്റെ വിവിധ പ്രദേശങ്ങളായ അയിനിത്തോടിലെ ഉൾപ്പെടെയുള്ള വെള്ളക്കെട്ടുകൾ പരിഹരിക്കുവാൻ നഗരസഭ തനതു ഫണ്ട് വിനിയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് നഗരസഭാ ചെയർമാൻ ആന്റണി ആശാംപറമ്പിൽ പറഞ്ഞു. തോടിൽ മണ്ണു നീക്കി ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കിയെങ്കിലും പൂർണ്ണമായ ഫലം ലഭിച്ചിരുന്നില്ല. വർഷകാലങ്ങളിൽ സമീപപ്രദേശത്ത് രണ്ടു മണിക്കൂറിൽ കൂടുതലെങ്കിലും വെള്ളം കെട്ടിനിൽക്കുന്ന സ്ഥിതിക്ക് പരിഹാരമായിട്ടാണ് തോട് നവീകരിച്ച് സ്ലാബിട്ട് നടപ്പാതയൊരുക്കുവാൻ പദ്ധതിയിട്ടതെന്ന് ഡിവിഷൻ കൗൺസിലർ റിയാസ് കെ. മുഹമ്മദ് പറഞ്ഞു. പൂതേപ്പാടം പ്രദേശത്തെ പത്തോളം വീടുകളിൽ വർഷങ്ങളായുള്ള വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് ബൃഹദ് പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. അർബൻ അഗ്ലോമറേഷൻ ഫണ്ടിൽ നിന്നും 90 ലക്ഷം രൂപയാണ് ഇതിനായി മൂന്നു ഘട്ടങ്ങളിലായി വിനിയോഗിക്കുന്നത്. നഗരസഭ വൈസ് ചെയർപേഴ്സൺ അഡ്വ. രശ്മി സനിൽ, സ്ഥിരം സമിതി അധ്യക്ഷന്മാരായ റിയാസ് കെ. മുഹമ്മദ്, ബേബി പോൾ, കൗൺസിലർമാരായ ചന്ദ്രകലാധരൻ, പി.ഡി രാജേഷ്, മിനി ഷാജി, പത്മപ്രിയ വിനോദ്, രേണുക ശിവദാസ്, മോളി ഡെന്നി, ഓവർസീയർ ഷൈലജ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

## മഹാരാജാസ് കോളേജിൽ ഭരണഭാഷാ വാരാഘോഷത്തിന് തുടക്കം

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജും മഹാരാജാസ് ആലുംനി അസോസിയേഷനും (എം.എ.എ) സംയുക്തമായി സംഘടിപ്പിച്ച കേരളപ്പിറവി ദിനാഘോഷങ്ങളോടൊപ്പം ഭരണഭാഷാ വാരാഘോഷങ്ങൾക്കും തുടക്കമായി. എഴുത്തുകാരിയും കോളേജിലെ പൂർവ്വ വിദ്യാർത്ഥിനിയുമായ ശ്രീകുമാരി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മഹാരാജാസ് ആലുംനി അസോസിയേഷന്റെ ഔദ്യോഗിക വെബ്സൈറ്റ് പൂർവ്വ വിദ്യാർത്ഥിയും സിംബയോസിസ് യൂണിവേഴ്സിറ്റി പ്രൊഫസറും മുൻ അംബാസിഡറുമായ കെ. പി ഫാബിയൻ ഉദ്ഘാടനം ചെയ്തു.

ശ്രീകുമാരി രാമചന്ദ്രനും കെ.പി ഫാബിയനും തങ്ങളുടെ കലാലയ അനുഭവങ്ങൾ പങ്കുവെച്ചതിനോടൊപ്പം മലയാള ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ചും അന്താരാഷ്ട്ര സമൂഹത്തിൽ കേരളത്തിന്റെ സ്ഥാനത്തെക്കുറിച്ചും സംസാരിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. ജി.എൻ. പ്രകാശ് അധ്യക്ഷനായ ചടങ്ങിൽ ഗവണിംഗ് ബോഡിയംഗം ഡോ എം. എസ് മുരളി, ഐ. ക്യു. എ. സി കോർഡിനേറ്റർ ഡോ പി. കെ ശ്രീകുമാർ, നെറ്റ്സ്റ്റേജർ ടെക്നോളൊജിസ് പ്രതിനിധി ഹൃദ്യ, അലുംനി അസോസിയേഷൻ പ്രസിഡന്റ് ഡോ. ടി.വി സുജ, കോഡിനേറ്റർ ഡോ. ജെ. കുമാർ എന്നിവർ സംസാരിച്ചു. കോളേജിനുള്ള അലൂമിനി വെബ്സൈറ്റ് സ്പോൺസർ ചെയ്ത ഇന്റലിഫ്ലോ ഇന്ത്യ എന്ന അമേരിക്കൻ സോഫ്റ്റ്വെയർ കമ്പനിയുടെ ഡയറക്ടറും പൂർവ്വ വിദ്യാർത്ഥിയുമായ എസ്. ഗണേഷ്, വെബ്സൈറ്റ് വികസിപ്പിച്ചെടുത്ത കമ്പനിയുടെ പ്രതിനിധികൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# പുതിയ പദ്ധതികൾ കേരളത്തിലെ മാറ്റത്തിന്റെ സൂചന : മന്ത്രി പി. രാജീവ്




**കൊച്ചി:** ഓരോ ആഴ്ചയിലും പുതിയ പദ്ധതികൾ തറക്കല്ലിടുന്നതും ഉദ്ഘാടനം ചെയ്യുന്നതും കേരളം മാറിയിരിക്കുന്നു എന്നതിന്റെ സൂചനയാണെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. അങ്കമാലിക്ക് സമീപം പുളിയനത്ത് അവിഗ ലോജിസ്റ്റിക്സ് പാർക്കിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. നല്ല രീതിയിലുള്ള മാറ്റമാണ് കേരളത്തിന്റെ വ്യവസായ രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. പൂർണ്ണമായും വ്യവസായങ്ങൾക്കനുയോജ്യമായ നാടായി കേരളം മാറിയിരിക്കുന്നു. പാറക്കടവ് ഗ്രാമ പഞ്ചായത്തിൽ ഇതുപോലെ വലിയൊരു സംവിധാനം ആരംഭിക്കുന്നത് ആദ്യമായാണ്.

അഞ്ച് ചതുരശ്ര അടി വിസ്തൃതിയിലാണ് ലോജിസ്റ്റിക്സ് പാർക്ക് തയ്യാറാക്കിയിരിക്കുന്നത് ഉദ്ഘാടനം ചെയ്യുന്നതിന് മുൻപ് തന്നെ മുഴുവൻ സ്ഥലവും വലിയ കമ്പനികൾ ഏറ്റെടുത്ത് കഴിഞ്ഞു. ഇതു വഴി 1300 പേർക്ക് നേരിട്ടും 400ഓളം പേർക്ക് അല്ലാതെയും തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. ഇതിൽ 40 ശതമാനവും പ്രദേശ വാസികളാണ് എന്നത് ഏറെ സന്തോഷമുള്ള കാര്യമാണ്. ദേശീയപാതയുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ മികച്ച കണക്ടിവിറ്റി യാഥാർത്ഥ്യമാകുന്നതിലൂടെ കൂടുതൽ ചെറുപ്പക്കാർക്ക് കൂടി തൊഴിൽ ലഭിക്കും. വ്യവസായ വകുപ്പിന്റെ പുതിയ ചട്ട ഭേദഗതിയിലൂടെ വീടിന്റെ 50 ശതമാനം ഭാഗത്ത് സംരംഭം നടത്താനാകും. ഒഴിഞ്ഞു കിടക്കുന്ന വീടാണെങ്കിൽ, 100 ശതമാനവും ഉപയോഗിക്കാനാകും. ഇത് വഴി ഓരോ വീട്ടിലേക്കും തൊഴിൽ എത്തിക്കാൻ സാധിക്കും. ഇതിന് വേണ്ട നൈപുണ്യ വികസനത്തിന് സർക്കാർ പിന്തുണ നൽകുമെന്നും മന്ത്രി അറിയിച്ചു.

ചടങ്ങിൽ അവിഗ വെയർ ഹൗസിങ് പ്രൊജക്റ്റിന്റെ ശിലാസ്ഥാപനവും മന്ത്രി പി രാജീവ് നിർവഹിച്ചു. ലോജിസ്റ്റിക്സ് പാർക്കിൽ നടന്ന ചടങ്ങിൽ അവിഗ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ എസ്. രാജശേഖരൻ അധ്യക്ഷത വഹിച്ചു. ബെന്നി ബഹനാൻ എം.പി മുഖ്യപ്രഭാഷണം നടത്തി.റോജി എം ജോൺ എം.എൽ.എ, പാറക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.വി ജയദേവൻ, വാർഡ് അംഗം രാജമ്മ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ നജീബ്, അവിഗ ഗ്രൂപ്പ് ഡയറക്ടർ ആർ. നവീൻ മണിമാരൻ, ബിനയ് ഝാ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സുബോധ് മിശ്ര തുടങ്ങിയവർ പങ്കെടുത്തു.

# ജില്ലയിൽ എസ്.ഐ.ആർ തുടങ്ങി

**കൊച്ചി:** തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന് (എസ്.ഐ. ആർ) എറണാകുളം ജില്ലയിൽ തുടക്കം.



ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എൻ. നഗരേഷിന് ആദ്യത്തെ എന്യൂമറേഷൻ ഫോം ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ സാന്നിധ്യത്തിൽ കൈമാറി. 2002ലെ വോട്ടർപട്ടികയെ അടിസ്ഥാനമാക്കിയാണ് എസ്.ഐ.ആർ നടത്തുന്നത്. ബൂത്തുകളിൽ നിയമിക്കുന്ന ബൂത്ത് ലെവൽ ഓഫിസർ (ബി.എൽ.ഒ) നിലവിലെ വോട്ടർമാർക്ക് എന്യൂമറേഷൻ ഫോമുകൾ എത്തിക്കും.

പുതുതായി വോട്ട് ചേർക്കാൻ ഫോം ആറും ഒഴിവാക്കാൻ ഫോം ഏഴും തിരുത്താനോ വോട്ടുമാറ്റാനോ ഫോം എട്ടുമാണ് നൽകേണ്ടത്. താൽക്കാലികമായി സ്ഥലംമാറി നിൽക്കുന്നവർക്ക് ഓൺലൈനായും ഫോം സമർപ്പിക്കാം.
ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ കരടു വോട്ടർപട്ടിക തയാറാക്കേണ്ടത് നിയമസഭാ മണ്ഡലത്തിൽ നിയോഗിച്ചിട്ടുള്ള ഇലക്ടറൽ രജിസ്ട്രേഷൻ ഓഫിസറാണ്.

രേഖ ആവശ്യമുള്ളവർക്ക് ഇ.ആർ.ഒ നോട്ടീസ് അയക്കും. പിന്നീട് അന്തിമ പട്ടികയും പ്രസിദ്ധീകരിക്കും.അന്തിമ പട്ടികയിൽ പരാതിയുണ്ടെങ്കിൽ ആദ്യം ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാം. പരിഹാരമായില്ലെങ്കിൽ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണറെ സമീപിക്കാനുള്ള അവസരവും സമ്മതിദായകർക്ക് ഉണ്ടായിരിക്കും.

# കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം: അപൂർവ പുസ്തകങ്ങളുടെ പ്രദർശനം

**കൊച്ചി:** എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടക്കുന്ന കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ കേന്ദ്ര പബ്ലിക്കേഷൻ ഡിവിഷന്റെ അപൂർവ പുസ്തകങ്ങളുടെ പ്രദർശനം ശ്രദ്ധേയമായി. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പിനു കീഴിലെ പബ്ലിക്കേഷൻ ഡിവിഷന്റെ ഗാന്ധി സാഹിത്യം മുതൽ നിർമ്മിത ബുദ്ധി വരെയുള്ള പുസ്തകങ്ങൾ പ്രദർശനത്തിനുണ്ട്.

സ്വാതന്ത്ര്യ സമര നേതാക്കളുടെ എഴുത്തുകൾ, രാഷ്ട്രത്തിനു വലിയ സംഭാവനകൾ ചെയ്ത വനിതകളെക്കുറിച്ചുള്ള സ്മരണകൾ , ആധുനിക ഇന്ത്യയുടെ ശില്പികൾ, രാജ്യത്തെ മാധ്യമരംഗം തുടങ്ങിയവയും ക്ലാസിക്കൽ സംഗീതം , നൃത്തം തുടങ്ങിയവ സംബന്ധിച്ച രചനകളും വായനക്കാരുടെ ശ്രദ്ധ നേടി. വിവിധ പുസ്തകങ്ങൾ 10 മുതൽ 90 വരെ ശതമാനം വിലക്കുറവിലാണ് മേളയിൽ വിറ്റഴിക്കുന്നത്. മത്സര പരീക്ഷകൾ എഴുതുന്നവർക്കു സഹായകമാകുന്ന ഭാരത് 2025 വാർഷികപ്പതിപ്പ് 45 ശതമാനം വിലക്കുറവിൽ ലഭിക്കും. വിവിധ വിഷയങ്ങളിൽ 13 ഭാഷകളിൽ പ്രസിദ്ധപ്പെടുത്തുന്ന മന്ത്രാലയത്തിന്റെ മാസിക യോജനയുടെ വരിക്കാരാകുന്നതിനും പുസ്തകോത്സവത്തിൽ ക്രമീകരണമുണ്ട്. പുസ്തകോത്സവം ഈ മാസം 10 ന് അവസാനിക്കും.

# പാതിരാമണലിനെ കുട്ടനാട് സഫാരി അടയാളപ്പെടുത്തും : മന്ത്രി കെ. ബി ഗണേഷ് കുമാർ




**കൊച്ചി:** ലോകടൂറിസത്തിൽ പാതിരാമണലിനെയും ആലപ്പുഴയെയും കുട്ടനാടൻ സഫാരി അടയാളപ്പെടുത്തുമെന്ന് ഗതാഗത വകുപ്പ് മന്ത്രി കെ. ബി ഗണേഷ് കുമാർ. സംസ്ഥാന ജലഗതാഗത വകുപ്പ് നടപ്പിലാക്കുന്ന കുട്ടനാട് സഫാരി പദ്ധതിയുടെ ആദ്യഘട്ടമായി പാതിരാമണൽ ദ്വീപിൽ നിർമ്മിക്കുന്ന കേരളത്തിലെ ആദ്യ പരിസ്ഥിതി സൗഹൃദ ആംഫി തീയറ്ററിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ഗൾഫ് രാജ്യങ്ങളിൽ കണ്ടുവരുന്ന സഫാരി യാത്രയുടെ മോഡലിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതൊരുമാറ്റത്തിന്റെ തുടക്കമാണ്.

ടൂറിസത്തിൽ ഏറ്റവും വലിയ ആകർഷണമായി കുട്ടനാടൻ സഫാരി മാറും. പദ്ധതിയിലൂടെ തൊഴിൽ സാധ്യതയേറും. പദ്ധതിയോട് അനുബന്ധിച്ച് ടൂറിസം ബോട്ട് സർവീസ് തുടങ്ങുമെന്നും മന്ത്രി പറഞ്ഞു. അനന്തമായ ടൂറിസം സാധ്യതയ്ക്ക് വഴിയൊരുങ്ങുന്ന പദ്ധതി ആലപ്പുഴക്ക് ലഭിച്ച വലിയ സമ്മാനമാണെന്ന് ചടങ്ങിൽ ഓൺലൈനായി അധ്യക്ഷത വഹിച്ച് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു. ദുബായിലെ ഡെസേർട്ട് സഫാരിയുടെ മാതൃകയിൽ കുട്ടനാട് മേഖലയിൽ ടൂറിസം, ഗതാഗതം, പ്രാദേശിക വികസനം എന്നീ ഘടകങ്ങൾ ഏകോപിപ്പിച്ചാണ് സഫാരി പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ ആംഫി തീയറ്റർ പൂർണ്ണമായും പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി പാതിരാമണൽ ദ്വീപിൽ വിനോദസാംസ്കാരിക പരിപാടികളും പ്രാദേശിക കലാരൂപങ്ങളും അവതരിപ്പിക്കാനും സൗകര്യമൊരുക്കും. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് ഓഫീസിൽ നടന്ന ചടങ്ങിൽ മുഹമ്മ പഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന ഷാബു, ജലഗതാഗതവകുപ്പ് ഡയറക്ടർ ഷാജി വി. നായർ വാർഡ് മെമ്പർ ലൈലാ ഷാജി, മുഹമ്മ പഞ്ചായത്ത് സെക്രട്ടറി എം. പി മഹീധരൻ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഡയറക്ടർ ആനന്ദ് സമ്പത്ത് തുടങ്ങിയവർ പങ്കെടുത്തു

# നാനോസ്കോപ്പിക് എസിഎൽ മെനിസ്കസ് ശസ്ത്രക്രിയ നടത്തി വിപിഎസ് ലേക്ഷോർ

**കൊച്ചി:** കായികതാരങ്ങൾ ഉൾപ്പെടെ സന്ധി സംബന്ധമായ പരിക്കുകളേറ്റവർക്ക് പുതുപ്രതീക്ഷ നൽകി ഏഷ്യയിൽ ആദ്യമായി നാനോസ്കോപ്പിക് എസിഎൽ, മെനിസ്കസ് ശസ്ത്രക്രിയ നടത്തി ചരിത്രംകുറിച്ച് വിപിഎസ് ലേക്ഷോർ ആശുപത്രി. നാനോസ്കോപ്പ് ഓപ്പറേറ്റീവ് ആർത്രോസ്കോപ്പി സംവിധാനത്തിലൂടെ നാനോസ്കോപ്പിക് എ.സി.എൽ റീകൺസ്ട്രക്ഷനും മെനിസ്കൽ റിപ്പയറുമാണ് ആശുപത്രിയിൽ വിജയകരമായി നടത്തിയത്. മെനിസ്കൽ, എസിഎൽ പരിക്ക് പോലുള്ള കാൽമുട്ട് പ്രശ്നങ്ങൾ വളരെ കൃത്യതയോടെ കാണാനും ചികിത്സിക്കാനും നാനോസ്കോപ്പ് സംവിധാനം ഡോക്ടർമാരെ സഹായിക്കും. വലിയ മുറിവുകൾ ആവശ്യമുള്ള പരമ്പരാഗത ആർത്രോസ്കോപ്പിയിൽ നിന്ന് വ്യത്യസ്തമായി, സൂചിയുടെ മാത്രം വലുപ്പത്തിലുള്ള ഒരു ദ്വാരത്തിലൂടെയാണ് ശസ്ത്രക്രിയ നടത്തുന്നത്. അതിനാൽ ശരീരത്തിലെ കോശങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾ കുറക്കാനാകും.



ശസ്ത്രക്രിയയ്ക്ക് ശേഷം വേദന കുറവായിരിക്കുമെന്നതും സാധാരണ ജീവിതത്തിലേക്ക് അതിവേഗം മടങ്ങാനാകും എന്നതും സവിശേഷതയാണ്.വിപിഎസ് ലേക്ഷോറിലെ കാൽമുട്ട് ശസ്ത്രക്രിയ വിഭാഗം കൺസൾട്ടന്റ് സർജനായ ഡോ. ജോർജ് ജേക്കബാണ് നാനോസ്കോപ്പിക് എസിഎൽ ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയത്. സൂചിയുടെ വലുപ്പത്തിലുള്ള മുറിവ് ആയതിനാൽ രക്തനഷ്ടം ഉണ്ടാകില്ലെന്നും വേദനയും ആശുപത്രി വാസവും കുറക്കാനാകുമെന്നും അദ്ദേഹം വ്യക്തമാക്കി. ഒടിവുകളുടെ ചികിത്സയിലും ഇത് സഹായകരമാണ്. ഈ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഒടിവ് ശസ്ത്രക്രിയ നടത്തുമ്പോൾ സന്ധികളുടെ പ്രതലങ്ങൾ വ്യക്തമായി കാണാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഒരു ചെറിയ മുറിവ് മാത്രം ഉപയോഗപ്പെടുത്തി സ്കാൻ പരിശോധന ഫലങ്ങൾ സ്ഥിരീകരിക്കാൻ നാനോസ്കോപ്പ് സാങ്കേതികവിദ്യ സഹായിക്കുമെന്ന് ഓർത്തോപീഡിക്സ് മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. ജേക്കബ് വർഗീസ് പറഞ്ഞു.

ഒരേസമയം സന്ധിയുടെ ഇരുഭാഗങ്ങളും കാണാനാകുന്നതിനാൽ ശസ്ത്രക്രിയയെ കൂടുതൽ കൃത്യമാക്കുന്നു. കായികതാരങ്ങൾക്കും ശാരീരികാധ്വാനം ചെയ്യുന്നവർക്കും ഈ പുതിയ സാങ്കേതികവിദ്യ വളരെയധികം പ്രയോജനകരമാകും. പരിക്കുകൾ അതിവേഗം പരിഹരിച്ച് സാധാരണ ജീവിതത്തിലേക്ക് മടങ്ങാനാകുമെന്നും അദ്ദേഹം വ്യക്തമാക്കി. രോഗീപരിചരണത്തിൽ മികച്ച ഫലങ്ങൾ നൽകുന്നതിന് ലോകത്ത് ലഭ്യമായ ഏറ്റവും നൂതന സാങ്കേതികവിദ്യകളെ അവതരിപ്പിക്കുന്നതിൽ വിപിഎസ് ലേക്ഷോർ എന്നും മുന്നിലാണെന്ന് മാനേജിംഗ് ഡയറക്ടർ എസ്.കെ അബ്ദുല്ല പറഞ്ഞു. രോഗീപരിചരണവും ഫലങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നൂതനാശയങ്ങൾക്കാണ് എന്നും പ്രാധാന്യം നൽകുന്നതെന്നും അദ്ദേഹം വിശദീകരിച്ചു.

# മാറാടി പ്രാഥമികാരോഗ്യകേന്ദ്രം: കെട്ടിടം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** മാറാടി ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ പുതിയതായി നിർമ്മിച്ച കെട്ടിടം ഉദ്ഘാടനം ചെയ്തു. മാത്യു കുഴൽനാടൻ എംഎൽഎ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. 2500 ചതുരശ്ര അടി വിസ്തീർണത്തിൽ ഒന്നാം നിലയിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. 45 ലക്ഷം രൂപ സി.എസ്.എസ്.ആർ ഫണ്ട് ഉപയോഗിച്ചാണ് കെട്ടിടത്തിന്റെ നിർമ്മാണം. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒ. പി ബേബി അധ്യക്ഷനായി. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബിജു കുര്യാക്കോസ്, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അജി സാജു, ബ്ലോക്ക് പഞ്ചായത്ത് അംഗം ബിനി ഷൈമോൻ, മെഡിക്കൽ ഓഫീസർ ഡോ. കമൽജിത്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു

# കാഞ്ഞൂരിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതി; നിർമ്മാണ പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** കാഞ്ഞൂർ പ്രദേശത്തെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമാക്കി 'ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ തങ്കച്ചൻ ഉദ്ഘാടനം നിർവഹിച്ചു. അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പാറപ്പുറം ഡിവിഷൻ ഫിൽ നിന്നും 17.70 ലക്ഷം രൂപ ചെലവഴിച്ചാണ് ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ആധുനിക ടോയ്‌ലറ്റ് കോംപ്ലക്സും, കോഫി ഷോപ്പും നിർമ്മിക്കുന്നത്. പുതിയേടം തെക്കേ അങ്ങാടിയിലുള്ള വില്ലേജ് ഓഫീസ് കോമ്പൗണ്ടിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

പദ്ധതി പൂർത്തിയാക്കുന്നതോടെ വ്യാപാര കേന്ദ്രമായ ഈ പ്രദേശത്തെ പൊതുടോയ്‌ലറ്റുകളുടെ അഭാവത്തിന് പരിഹാരമാകും. കോഫി ഷോപ്പിന്റെ നടത്തിപ്പും ടോയ്‌ലറ്റ് കെട്ടിടത്തിന്റെ പരിപാലനവും കുടുംബശ്രീയുടെ നേതൃത്വത്തിലായിരിക്കും. ഇതിലൂടെ കുടുംബശ്രീ വനിതകൾക്ക് വരുമാനം ഉറപ്പാക്കാനും ടോയ്‌ലറ്റ് അനുബന്ധ കെട്ടിടത്തിന്റെ പരിപാലനവും ശുചിത്വ ഉറപ്പാക്കാനും സാധിക്കും. ചടങ്ങിൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രിയ രഘു അധ്യക്ഷയായി. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ.വി അഭിജിത്ത്, വാർഡ് മെമ്പർമാരായ സിമി ടിജോ, ചന്ദ്രവതി രാജൻ, കെ.എൻ കൃഷ്ണകുമാർ, ജയശ്രീ, ഡോക്ടർമാരായ എൻ.എ രാജേന്ദ്രൻ , എ. സജിന , എസ്. ഷൈലേഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# ഇൻസ്ട്രക്ടർ നിയമനം

**കൊച്ചി:** കളമശേരി ഗവ.എ.വി.ടി.എസിൽ അഡ്വാൻസ്ഡ് വെൽഡിംഗ് ട്രേഡിൽ ഓപ്പൺ കാറ്റഗറിയിൽ ഇൻസ്ട്രക്ടറുടെ താൽക്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. വെൽഡർ ട്രേഡിൽ എൻസിവിടി/എൻഎസി സർട്ടിഫിക്കറ്റും ഏഴ് വർഷത്തെ പ്രവർത്തന പരിചയവും അല്ലെങ്കിൽ മെക്കാനിക്കൽ എൻജിനിയറിങ്ങിൽ ഡിപ്ലോമയും അഞ്ച് വർഷത്തെ പ്രവർത്തന പരിചയവും അല്ലെങ്കിൽ മെക്കാനിക്കൽ എൻജിനിയറിങ്ങിൽ ഡിഗ്രിയും രണ്ട് വർഷത്തെ പ്രവർത്തന പരിചയവുമാണ് യോഗ്യത. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ നവംബർ 11 രാവിലെ 11ന് എ.വി.ടി.എസ്. പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം. ഫോൺ 8089789828,04842557275.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കായിക യുവജന കാര്യാലയത്തിൽ നിന്നും കായിക ക്ലബ്ബുകൾക്കും, സർക്കാർ സ്കൂളുകൾക്കും സ്പോർട്സ്, ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറത്തിന്റെ മാതൃക, സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്നിവ https://sdya.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ എറണാകുളം ജില്ലാ സ്പോർട്സ് കൗസിലിൽ നേരിട്ടോ, സെക്രട്ടറി, എറണാകുളം ജില്ലാ സ്പോർട്സ് കൗസിൽ, പി.റ്റി ഉഷാ റോഡ്, മഹാരാജാസ് കോളേജ് പി.ഒ, എറണാകുളം എന്ന വിലാസത്തിൽ തപാൽ മുഖേനയോ നവംബർ ഏഴിന് വൈകീട്ട് അഞ്ചിനു മുമ്പായി ലഭ്യമാക്കണം. ഫോൺ :9447505598,9746273012.

# വീഡിയോ എഡിറ്റർ ഒഴിവ്

തിരുവനന്തപുരം: തിരുവനന്തപുരം ഐ.എച്ച്.ആർ.ഡി റീജിയണൽ സെന്ററിലുള്ള പ്രൊഡക്ഷൻ ആന്റ് മെയിന്റനൻസ് വിഭാഗത്തിൽ വീഡിയോ എഡിറ്റർ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. കമ്പ്യൂട്ടർ /ഇലക്ട്രോണിക് എന്നീ വിഷയങ്ങളിൽ ഏതിലെങ്കിലും ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ /ഡിഗ്രീ യോഗ്യതയുള്ള വീഡിയോ എഡിറ്റിങ് ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവർക്ക് അപേക്ഷിക്കാം. http://pmdamc.ihrd.ac.in/ എന്ന വെബ്സൈറ്റിൽ നവംബർ ആറ് വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ താമസിക്കുന്നവർക്കു മുൻഗണന. ഫോൺ : 0471-2550612.

# ടിസിഎസ് ഇൻക്വിസിറ്റീവ് 2025: ആദിത്യയും ഗഗനും ജേതാക്കൾ




**കൊച്ചി:** ടാറ്റാ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്) വാർഷിക സ്കൂൾ ക്വിസ് മത്സരമായ ടിസിഎസ് ഇൻക്വിസിറ്റീവ് കൊച്ചിയിൽ സംഘടിപ്പിച്ചു. ചാലക്കുടിയിലെ വിജയഗിരി പബ്ലിക് സ്കൂളിലെ കെ.ബി ആദിത്യയും ഗഗൻ അരുണും കൊച്ചി പതിപ്പിലെ വിജയികളായി. ഇരുവരും മുംബൈയിൽ നടക്കുന്ന ദേശീയ ഫൈനലിൽ കൊച്ചി മേഖലയെ പ്രതിനിധീകരിക്കും. എട്ടു മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച മത്സരത്തിൽ 49 സ്കൂളുകളിൽ നിന്നുള്ള 191 ടീമുകൾ പങ്കെടുത്തു.

കേരളത്തിൽ നിന്നും സമീപ പ്രദേശങ്ങളിൽ നിന്നുമായി ആകെ 382 വിദ്യാർത്ഥികളാണ് മത്സരിച്ചത്. ദേശീയ തലത്തിൽ 12 നഗരങ്ങളിലാണ് ടിസിഎസ് ഇൻക്വിസിറ്റീവ് മത്സരം സംഘടിപ്പിക്കുന്നത്. കൊച്ചി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ മുഖ്യാതിഥിയായി പങ്കെടുത്തു. ടാറ്റ കൺസൾട്ടൻസി സർവീസസിനെ പ്രതിനിധീകരിച്ച് ടിസിഎസ് കേരള വൈസ് പ്രസിഡന്റും മേധാവിയുമായ ദിനേശ് പി. തമ്പിയും ചടങ്ങിൽ പങ്കെടുത്തു. ടിസിഎസ് ഇൻക്വിസിറ്റീവ് വെറുമൊരു ക്വിസ് മത്സരം എന്നതിലുപരി, വിദ്യാർത്ഥികൾക്ക് അവരുടെ സാങ്കേതിക വൈദഗ്ധ്യവും വിമർശനാത്മക ചിന്തയും പ്രദർശിപ്പിക്കുന്നതിനുള്ള വേദിയാണെന്ന് ടിസിഎസ് കേരള മേധാവിയും വൈസ് പ്രസിഡന്റുമായ ദിനേശ് പി. തമ്പി പറഞ്ഞു. പാഠപുസ്തകങ്ങൾക്കപ്പുറം ചിന്തിക്കാൻ വിദ്യാർത്ഥികളെ വെല്ലുവിളിക്കുകയും നമ്മുടെ ഡിജിറ്റൽ ഭാവിയെ രൂപപ്പെടുത്തുന്ന അടുത്ത തലമുറയിലെ ചിന്തകരെ വളർത്തിയെടുക്കുകയും ചെയ്യുന്ന ഈ പരിപാടിയിൽ ഇത്രയും ആവേശകരമായ പങ്കാളിത്തം കാണാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

രണ്ട് പതിറ്റാണ്ടിലേറെയായി യുവമനസ്സുകളെ പ്രചോദിപ്പിക്കുന്ന ഒരു നൂതന പഠന സംരംഭമാണ് ടിസിഎസ് ഇൻക്വിസിറ്റീവ് ക്വിസ് മത്സരം. അഹമ്മദാബാദ്, ബെംഗളൂരു, ഭുവനേശ്വർ, ചെന്നൈ, ഡൽഹി, ഹൈദരാബാദ്, ഇൻഡോർ, കൊച്ചി, കൽക്കത്ത, മുംബൈ, നാഗ്പൂർ, പൂനെ എന്നീ 12 നഗരങ്ങളിലാണ് ടിസിഎസ് ഇൻക്വിസിറ്റീവ് 2025ൻറെ പ്രാഥമിക മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

# കടപ്പത്രം: നേട്ടം കൈവരിച്ച് ഇൻഡെൽ മണി

**കൊച്ചി:** ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയായ ഇൻഡെൽ മണിയുടെ എൻസിഡികൾ 315 ശതമാനം അധികം സബ്സ്ക്രൈബ് ചെയ്യപ്പെട്ടതായി ഇൻഡെൽ മണി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒ യുമായ ഉമേഷ് മോഹനൻ. 1000 രൂപ മുഖവിലയുള്ള സുരക്ഷിതവും വീടെടുക്കാവുന്നതും ഓഹരിയാക്കി മാറ്റാൻ കഴിയാത്തതുമായ കടപ്പത്രങ്ങളുടെ (എൻസിഡി) ആറാമത് പബ്ലിക് ഇഷ്യുവിലാണ് ഈ നേട്ടം. ഒക്ടോബർ 13 നാരംഭിച്ച വിതരണം 24ന് നേരത്തേ അവസാനിപ്പിച്ചപ്പോൾ 472.79 കോടി രൂപയുടെ കടപ്പത്രങ്ങൾ നിക്ഷേപകർ വാങ്ങി. 150 കോടി രൂപയുടെ പ്രാഥമിക ഇഷ്യുവും 150 കോടി രൂപയുടെ അധിക സബ്സ്ക്രിബ്ഷനുമായി 300 കോടി രൂപയാണ് ലക്ഷ്യമിട്ടിരുന്നത്.

INDEL MONEY

കടപ്പത്രങ്ങളിലൂടെ സ്വരൂപിക്കുന്ന പണം തുടർ വായ്പകൾക്കും തിരിച്ചടവുകൾക്കും മുൻകൂർ മൂലധന അടവുകൾക്കും വായ്പകളുടെ പലിശയ്ക്കും കമ്പനിയുടെ പൊതു കോർപറേറ്റ് ആവശ്യങ്ങൾക്കുമാണ് ചിലവഴിക്കുക.ഈ വർഷം സെപ്തംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം 2750 കോടി രൂപയുടെ ആസ്തികൾ ഇൻഡെൽ മണി കൈകാര്യം ചെയ്യുന്നു്. 91.82 ശതമാനവും സ്വർണ്ണ വായ്പയാണ്. ഹരിയാന, ഉത്തർ പ്രദേശ്, ഡെൽഹി, മധ്യ പ്രദേശ്, ഒഡീഷ, മഹാരാഷ്ട്ര, കർണാടക, കേരളം, തമിഴ്നാട്, ആന്ധ പ്രദേശ്, തെലങ്കാന, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ഗുജറാത്ത്, പോിച്ചേരി എന്നിവിടങ്ങളിലായി കമ്പനിക്ക് 366 ശാഖകളു്. വിദേശ നാണ്യ വിഭാഗമായ ഇൻഡെൽ റെമിറ്റിന്റെ സേവന മേന്മ കണക്കിലെടുത്ത് റിസർവ് ബാങ്ക് കാറ്റഗറി 2 ലൈസൻസ് നൽകിയിട്ടു്. മുംബൈ ആസ്ഥാനവും കൊച്ചിയിൽ കോർപറേറ്റ് ഓഫീസുമായി പ്രവർത്തിക്കുന്ന ഇൻഡെൽ റെമിറ്റ്, കറൻസി വിനിമയം, ട്രാവൽ മണി കാർഡുകൾ, വിദേശത്തേക്ക് പണമയക്കൽ ഉൾപ്പടെയുള്ള സേവനങ്ങൾ നൽകി വരുന്നു. എഡി 2 വിഭാഗത്തിൽ പെട്ട 24 വിദേശ വിനിമയ ശാഖകളും , 2130 ബിസിനസ് അസോഷ്യേറ്റുകളും ഉള്ള വിദേശ നാണ്യ വിഭാഗം 27 സർക്കാർ സ്ഥാപനങ്ങളുമായും 465 വൻകിട കോർപറേറ്റുകളുമായും ചേർന്നു പ്രവർത്തിക്കുന്നുണ്ടെന്നും ഉമേഷ് മോഹനൻ വ്യക്തമാക്കി.

# 75 ലോഡ് കെട്ടികിടക്കുന്നു; ആലപ്പുഴയിൽ നെല്ല് സംഭരണം തുടങ്ങി

**കൊച്ചി:** ആലപ്പുഴ ജില്ലയിൽ നെല്ല് സംഭരണം തുടങ്ങി. ഭക്ഷ്യ മന്ത്രിയുടെയും കൃഷിമന്ത്രിയുടെയും ഓൺലൈൻ സാന്നിധ്യത്തിൽ സപ്ലൈകോയിൽ നടന്ന യോഗത്തിലാണ് ആലപ്പുഴ ജില്ലയിലെ നെല്ല് അടിയന്തരമായി സംഭരിക്കാൻ തീരുമാനിച്ചത്. 75 ലോഡ് നെല്ല് കെട്ടിക്കിടക്കുന്ന ആലപ്പുഴ ജില്ലയിൽ അടിയന്തരസംഭരണം നടത്തണമെന്ന് യോഗത്തിൽ നിർദ്ദേശം ഉയർന്നിരുന്നു.

സപ്ലൈകോയുമായി വെള്ളിയാഴ്ച കരാർ ഒപ്പിട്ട കാലടി അമിലോസ് മില്ലിനോട് ആലപ്പുഴ ജില്ലയിലെ നെടുമുടി വള്ളുവൻകാട് പാട ശേഖരം, പൂന്തുറ പാടശേഖരം എന്നിവിടങ്ങളിലെ നെല്ല് സംഭരിക്കാൻ ആവശ്യപ്പെടുകയായിരുന്നു. തുടർന്ന് കരുവാറ്റ ഈഴഞ്ചീരി വെസ്റ്റ്, പരിയക്കാടൻ സമിതി എന്നിവിടങ്ങളിലെ നെല്ലും അമിലോസ് മില്ല് സംഭരിക്കും.

# 'സാംസങ് ഇന്നവേഷൻ ക്യാമ്പസ്' വിദ്യാർത്ഥികളെ ആദരിച്ചു



**കൊച്ചി:** കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് തങ്ങളുടെ പ്രമുഖ സാങ്കേതിക വിദ്യാഭ്യാസ പദ്ധതിയായ സാംസങ് ഇന്നവേഷൻ ക്യാമ്പസിലെ വിദ്യാർഥികളെ ആദരിച്ചു. ഗോരഖ്പൂരിലെ യോഗി ബാബ ഗംഭീരനാഥ് പ്രേക്ഷാഗൃഹ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് 1600 വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഭാവിയെ മുന്നോട്ട് നയിക്കുന്നതിലുള്ള ഈ പദ്ധതിയുടെ പങ്കിനെ മുഖ്യമന്ത്രി പ്രശംസിച്ചു.സർക്കാരിന്റെ സ്കിൽ ഇന്ത്യയും ഡിജിറ്റൽ ഇന്ത്യയുമെന്ന ദൗത്യങ്ങളുമായി സഹകരിച്ചാണ് സാംസങ് ഇന്നവേഷൻ ക്യാമ്പസ് രൂപീകരിച്ചിരിക്കുന്നത്.

യുവാക്കളെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ), ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐഒടി), ബിഗ് ഡാറ്റ, കോഡിംഗ് ആൻഡ് പ്രോഗ്രാമിംഗ് തുടങ്ങിയ ഭാവിയിലേക്കുള്ള പ്രധാന സാങ്കേതിക വിദ്യകളിൽ പരിശീലിപ്പിക്കുകയാണ് ലക്ഷ്യം. 2025ൽ രാജ്യത്തെ 20,000 വിദ്യാർത്ഥികളെ ഈ പരിപാടിയിലൂടെ പരിശീലിപ്പിക്കുമെന്ന് സാംസങ് അറിയിച്ചു. സാംസങ് ഇന്നവേഷൻ കാമ്പസിലൂടെ, യുവാക്കൾക്ക് സാങ്കേതിക വൈദഗ്ധ്യം നൽകുക മാത്രമല്ല, ആത്മവിശ്വാസം, സർഗ്ഗാത്മകത, പ്രശ്നപരിഹാര കഴിവുകൾ എന്നിവ പരിപോഷിപ്പിക്കുകയും ചെയ്യുന്നുവെന്നും നവീകരണത്തിന് നേതൃത്വം നൽകുന്ന ആത്മനിർഭർ ഭാരത് സൃഷ്ടിക്കുന്നതിന് സർക്കാരുകളുമായും നൈപുണ്യ സ്ഥാപനങ്ങളുമായും അടുത്ത് പ്രവർത്തിക്കുകയും ചെയ്യുമെന്നും സാംസങ് സൗത്ത് വെസ്റ്റ് ഏഷ്യാ പ്രസിഡന്റും സിഇഒയുമായ ജെ.ബി പാർക്ക് പറഞ്ഞു.

# പൈൻ ലാബ്സ് ലിമിറ്റഡ് ഐപിഒ നവംബർ 7 മുതൽ

**കൊച്ചി:** പൈൻ ലാബ്സ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2025 നവംബർ ഏഴ് മുതൽ 11 വരെ നടക്കും. 2080 കോടിരൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 82,348,779 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 210 മുതൽ 221 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 67 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 67 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. അർഹരായ ജീവനക്കാർക്കായി മാറ്റിവെച്ചിരിക്കുന്ന വിഭാഗത്തിൽ ഓഹരി ഒന്നിന് 21 രൂപ വീതം ഡിസ്കൗണ്ട് ലഭിക്കും. ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെ.പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഗിന്നസ് വേൾഡ് റെക്കോർഡ് സൃഷ്ടിച്ച് എസ്ബിഐ ലൈഫ് ഇൻഷുറൻസ്



**കൊച്ചി:** സ്തനാരോഗ്യത്തെ കുറിച്ചുള്ള ആശയ വിനിമയങ്ങൾ എല്ലാ വീടുകളിലും എത്തിക്കുന്നതിനായുള്ള സന്ദേശം പ്രചരിപ്പിച്ച എസ്ബിഐ ലൈഫ് ഇൻഷൂറൻസിന് ഗിന്നസ് വേൾഡ് റെക്കോർഡ്. സ്തനാരോഗ്യ രംഗത്ത് മികച്ച സന്ദേശങ്ങളാണ് എസ്ബിഐ ലൈഫ് ഇൻഷൂറൻസ് നൽകിയത്. ' താങ്ക്സ് എ ഡോട്ട് ' സ്വയം സ്തന പരിശോധന നടത്തുന്നതിനെ കുറിച്ചുള്ള ഈ സന്ദേശം നേരത്തെ തന്നെ രോഗ നിർണയം നടത്തുന്നതിനെ കുറിച്ചും സ്വയം ശ്രദ്ധിക്കുന്നതിനെ കുറിച്ചും ബോധവൽക്കരിക്കുക മാത്രമല്ല, വനിതകളുടെ ആരോഗ്യത്തെ കുറിച്ചുള്ള ആശയ വിനിമയങ്ങൾ ഇന്ത്യയിൽ ഒരു സ്വാഭാവിക സംഭവമാക്കി മാറ്റാനുള്ള മികച്ച നീക്കങ്ങൾക്കു കൂടിയാണ് തുടക്കം കുറിച്ചത്.

# സ്റ്റാർട്ടപ്പ് ഇന്നോവേഷൻ ഫെസ്റ്റിവലിന് ഇന്ന് തുടക്കം

**തൃശൂർ :** നവംബർ അഞ്ച് മുതൽ ഒമ്പത് വരെ ശക്തൻ നഗറിൽ നടക്കുന്ന 'എമേർജിങ് തൃശൂർ 2025' ന്റെ ഭാഗമായി കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ 'ഇന്നോവേഷൻ ഫെസ്റ്റിവലിന് ഇന്ന് തുടക്കമാകും. നാൽപ്പതോളം ഇന്നൊവേറ്റീവ് സ്റ്റാർട്ടപ്പുകളുടെ പ്രദർശനവും ഇതോടൊപ്പം നടക്കുന്നുണ്ട്. എം.എസ്.എം.ഇ പരമ്പരാഗത ബിസിനസുകളുടെ വളർച്ചയെ സഹായിക്കുന്ന വിവിധ പരിഹാരങ്ങൾ നൽകുന്നവയാണ് പ്രദർശിപ്പിക്കുന്ന സ്റ്റാർട്ടപ്പുകൾ. വിവിധ മേഖലകളിലെ വിദഗ്ധരുമായി കൂടിക്കാഴ്ചയ്ക്ക് അവസരമൊരുക്കുന്ന സ്റ്റാർട്ടപ്പ് 360, ഫൗണ്ടേഴ്സ് മീറ്റ്, പാനൽ ഡിസ്കഷനുകൾ, ഫയർ സൈഡ് ചാറ്റ്, വുമൺ സ്റ്റോറി, വനിതകൾക്കായുള്ള വിവിധ സ്റ്റാർട്ടപ്പ് പദ്ധതികളുടെ വിശദീകരണം തുടങ്ങിയവയും നടക്കും.

ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ഫെസ്റ്റിവൽ ആയ 'ഹഡിൽ ഗ്ലോബൽ' ന്റെ റോഡ് ഷോയും ഇതോടൊപ്പം സംഘടിപ്പിക്കുന്നുണ്ട്. രാവിലെ 10 മണിക്ക് ആരംഭിക്കുന്ന ഇന്നോവേഷൻ ഫെസ്റ്റിവൽ കേരളാ സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക ഉത്ഘാടനം ചെയ്യും. ഡോ. കെ. പി.സുധീർ (ഹെഡ്, അഗ്രി ഇൻക്യൂബേറ്റർ), ഡോ. എ. സീമ (സിമെറ്റ്), പി. അഭയൻ (എംഡി, കൈറ്റ്സ്) എന്നിവർ സംസാരിക്കും. റമീസ് അലി (ഇന്റർവെൽ ലേർണിംഗ്), ദേവൻ ചന്ദ്രശേഖരൻ (ഹ്യൂസലേജ് ഇന്നോവേഷൻസ്), ജോസഫ് ബാബു (റിയാഫി), മഞ്ജു വാസുദേവൻ (ഫോറസ്റ്റ് പോസ്റ്റ്), രാഹുൽ ബാലചന്ദ്രൻ (ഇങ്കർ റൊബോട്ടിക്സ്), സയ്യിദ് സവാദ് (എൻട്രപ്രണർ), വിനിത ജോസഫ് (സ്റ്റാർട്ടപ്പ് മിഷൻ), സൂര്യ തങ്കം (സ്റ്റാർട്ടപ്പ് മിഷൻ) തുടങ്ങിയവർ വിവിധ സെഷനുകളിൽ പങ്കെടുക്കും. സ്റ്റാർട്ടപ്പ് സംരംഭകർ, സ്റ്റാർട്ടപ്പ് മേഖലയെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നവർ, വിദ്യാർത്ഥികൾ, നിക്ഷേപകർ തുടങ്ങിയവർക്ക് പരിപാടിയിൽ പങ്കെടുക്കാം.

# ജി.എസ്.ടി ഇളവ്: ലൈഫ് ഇൻഷുറൻസിന്റെ ചെലവ് കുറഞ്ഞു

**തൃശൂർ:** ഇൻഷുറൻസ് പോളിസികളിലെ ജി.എസ്.ടി ഇളവ് പൂർണമായും ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയതായി ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രൊഡക്ട് ഓഫിസർ വികാസ് ഗുപ്ത പറഞ്ഞു. ഇൻഷുറൻസ് പോളിസികളിൽ 18 ശതമാനം ജി.എസ്.ടി ഉണ്ടായിരുന്നതാണ് പൂർണമായി ഒഴിവാക്കിയത്. അടുത്തിടെയാണ് എല്ലാ ഇൻഷുറൻസ് പോളിസികളെയും ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള പരിഷ്കാരങ്ങൾ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത്. മുമ്പ് ഉപഭോക്താക്കൾ പ്രീമിയം തുകയുടെ 18% ജി.എസ്.ടിയായി നൽകേണ്ടിയിരുന്നു. അതായത് ഒരു വ്യക്തി 100 രൂപ പ്രീമിയമായി അടയ്ക്കേണ്ടി വന്നിരുന്നെങ്കിൽ, അതിനു പുറമെ 18 രൂപ കൂടി ജി.എസ്.ടിയായി ഈടാക്കിയിരുന്നു.

ജി.എസ്.ടി ഒഴിവാക്കിയതോടെ ഇനി 100 രൂപ മാത്രം നൽകിയാൽ മതിയാകും. ഇത് ടേം ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള ലൈഫ് ഇൻഷുറൻസ് ഉൽപ്പന്നങ്ങളുടെയും ചെലവ് കുറയ്ക്കുകയും ചെയ്തു. ടേം ഇൻഷുറൻസ് ഉൽപ്പന്നങ്ങളുടെ വിലനിർണയത്തിൽ വലിയ സ്വാധീനമാണ് ജി.എസ്.ടി ഇളവ് ചെലുത്തിയിരിക്കുന്നതെന്നും, തങ്ങളുടെ ഉപഭോക്താക്കൾക്ക് മികച്ച മൂല്യം നൽകാനുള്ള കമ്പനിയുടെ പ്രതിബദ്ധതയ്ക്ക് അനുസൃതമായാണ് മുഴുവൻ ജി.എസ്.ടി ഒഴിവാക്കൽ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറാനുള്ള തീരുമാനമെന്നും ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രൊഡക്ട് ഓഫിസർ വികാസ് ഗുപ്ത പറഞ്ഞു. കുറഞ്ഞ പ്രീമിയങ്ങൾ ഇൻഷുറൻസ് വ്യാപനം വർധിപ്പിക്കുകയും, ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ ജീവിതത്തിൽ സാമ്പത്തിക സംരക്ഷണം ഉറപ്പാക്കാനുള്ള ലക്ഷ്യത്തെ പിന്തുണക്കുകയും ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മലേഷ്യൻ ഗ്ലോബൽ എഡ്യൂ ഫെയർ 2025 നടന്നു



**കോഴിക്കോട്:** മലേഷ്യൻ സർക്കാർ ഏജൻസിയായ എജുക്കേഷൻ മലേഷ്യ ഗ്ലോബൽ സർവീസസ് ഇൻഡ്യയിലെയും യു.എ.ഇലെയും പ്രമുഖ വിദേശ വിദ്യാഭ്യാസ കൺസൾട്ടൻസിയായ എഡ്റൂട്ട്സ് ഇന്റർനാഷണലുമായി സഹകരിച്ച് നടത്തിയ മലേഷ്യൻ ഗ്ലോബൽ എഡ്യൂ ഫെയറിൽ 500ഓളം സ്കൂൾ, കോളേജ് വിദ്യാർഥികളും മാതാപിതാക്കളും പങ്കെടുത്തു. മലേഷ്യയിലെ വിവിധ പബ്ലിക്, പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ ഈ ഫെയറിൽ പങ്കെടുത്തു.

സർവകലാശാലാ പ്രതിനിധികളിൽ നിന്ന് കോഴ്സുകൾ, സ്കോളർഷിപ്പുകൾ, അഡ്മിഷൻ മാനദണ്ഡങ്ങൾ എന്നിവയെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ വിദ്യാർഥികൾക്കും മാതാപിതാക്കൾക്കും ലഭിച്ചു. സ്കോളർഷിപ്പ് എലിജിബിലിറ്റി വിലയിരുത്തലിനും, വ്യക്തിഗത അക്കാദമിക്ക് കൗൺസലിങ്ങിനും പുറമേ എഡ്റൂട്ട്സ് ഇന്റർനാഷനലിന്റെ വിദഗ്ധ സംഘം അപ്ലിക്കേഷൻ പ്രോസസ്സ്, വീസ ഗൈഡൻസ്, വിദ്യാഭ്യാസ വായ്പാ സൗകര്യങ്ങൾ തുടങ്ങി വിദേശ പഠനത്തിന്റെ എല്ലാ ഘട്ടങ്ങളിലും വിദ്യാർത്ഥികൾക്ക് സമഗ്രമായ വിദഗ്ദ അസിസ്റ്റൻസ് നൽകുകയുണ്ടായി. വടക്കൻ കേരളത്തിൽ മലേഷ്യൻ ഉപരിപഠനം പ്രത്സാഹിപ്പിക്കുന്നതിൽ എഡ്യൂ ഫെയർ 2025 വലിയ പങ്കു വഹിച്ചുവെന്ന് സംഘാടകർള അറിയിച്ചു.

# ലെൻസ്കാർട്ടിന്റെ എഐ സ്മാർട്ട് കണ്ണടകൾ ഡിസംബറിൽ

**കൊച്ചി:** ലെൻസ്കാർട്ട് തങ്ങളുടെ ആദ്യത്തെ എഐ സ്മാർട്ട് കണ്ണടകൾ ഡിസംബർ അവസാനത്തോടെ അവതരിപ്പിക്കാൻ ഒരുങ്ങുന്നു. നിർമിത ബുദ്ധി അധിഷ്ഠിത ആശയ വിനിമയങ്ങൾ, ആരോഗ്യ, ക്ഷേമ വിവരങ്ങൾ, യുപിഐ പെയ്മെന്റ് സംവിധാനങ്ങൾ തുടങ്ങിയവ ഇതിൽ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ക്വാൽകോമിന്റെ സ്നാപ്ഡ്രാഗൺ എആർവൺ ജെൻ വൺ സംവിധാനത്തിലാവും ഇതു പ്രവർത്തിക്കുയെന്നാണ് കരുതുന്നത്.

ഈ വർഷം ജൂലൈയിൽ ലെൻസ്കാർട്ട് ക്വാൽകോമുമായി സഹകരണം ആരംഭിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. ലെൻസ്കാർട്ട് ഒക്ടോബർ 31ന് അവതരിപ്പിച്ച 7278 കോടി രൂപ സമാഹരിക്കാനായുള്ള പബ്ലിക് ഓഫർ ആദ്യ ദിനം തന്നെ പൂർണമായി സബസ്ക്രൈബ് ചെയ്യപ്പെട്ടിരുന്നു.

# ഭാരവാഹികളെ തിരഞ്ഞെടുത്തു





**കൊച്ചി :** കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ചാപ്റ്ററിന്റെ സംസ്ഥാന പ്രസിഡന്റായി ഡോ. പി.കെ അശോകനെയും, സെക്രട്ടറിയായി ഡോ. ജോ ജോസഫിനെയും തിരഞ്ഞെടുത്തു. കോഴിക്കോട് ഫാത്തിമ ഹോസ്പിറ്റലിലെ സീനിയർ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റാണ് ഡോ. പി.കെ. അശോകൻ. കൊച്ചി ലിസി ഹോസ്പിറ്റലിലെ സീനിയർ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റാണ് ഡോ. ജോ ജോസഫ്.

# കേക്ക് നിർമാണത്തിൽ പരിശീലനം

**കൊച്ചി:** ക്രിസ്തുമസ് കേക്കുകൾ തയ്യാറാക്കുന്നതിൽ ഇസാഫ് ഫൗണ്ടേഷൻ ഈ മാസം 11, 12 തീയതികളിൽ സ്ത്രീകൾക്ക് പരിശീലനം നൽകുന്നു. കൊച്ചിയിലെ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിലാണ് പരിശീലനം. വിവരങ്ങൾക്ക് വിളിക്കുക, 9072600771.

# വർമ്മ റിഥം സാമ്പിൾ അപ്പാർട്ട്മെന്റ് ഉദ്ഘാടനം



**കൊച്ചി:** വൈറ്റില എരൂരിലെ വർമ്മ ഹോംസിന്റെ ലക്ഷ്വറി പ്രൊജക്ട് വർമ്മ റിഥം സാമ്പിൾ അപ്പാർട്ട്മെന്റ് ഉദ്ഘാടനം വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ നിർവഹിച്ചു. പർച്ചേസ് സീനിയർ മാനേജർ രേഖ പ്രമോദ്, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, മാർക്കറ്റിംഗ് ആന്റ് കസ്റ്റമർ കെയർ ജി. എം ടി. എസ് സുരേഷ് ഫിനാൻസ് ആന്റ് എച്ച് ആർ സീനിയർ മാനേജർ കെ. എസ് ജിതേഷ് കസ്റ്റമർ കെയർ മാനേജർ ജെ. ലക്ഷ്മി, വൈസ് പ്രസിഡന്റ് വൈശാഖ് വർമ്മ, ആരതി വർമ്മ തുടങ്ങിയവർ പങ്കെടുത്തു.

# ജനറാലി 'ഹിയർ നൗ' ക്യാമ്പയിൻ ആരംഭിച്ചു

**കൊച്ചി:** ഇൻഷുറൻസ് സേവന ദാതാക്കളായ ജനറാലി സെൻട്രൽ ലൈഫ് ഇൻഷുറൻസ് (ജിസിഎൽഐ) ജനാറലി സെൻട്രൽ ഇൻഷുറൻസുമായി (ജിസിഐ) സഹകരിച്ച് ഹിയർ നൗ എന്ന പേരിൽ ബ്രാൻഡ് ക്യാമ്പയിൻ ആരംഭിച്ചു. ഈ വർഷം ആദ്യം സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ജനറാലി ഗ്രൂപ്പിൽ സംയുക്ത സംരംഭ പങ്കാളിയായി ചേർന്നതിനുശേഷമുള്ള ആദ്യ സംയുക്ത ബ്രാൻഡ് ക്യാമ്പയിനായ ഹിയർ നൗ വ്യക്തികളേയും കുടുംബങ്ങളേയും ഇൻഷുറൻസിലൂടെ ഭാവി സുരക്ഷിതമാക്കാൻ ആഹ്വാനം ചെയ്യുന്നതായി ജിസിഎൽഐ അറിയിച്ചു.

ജനറാലിയുടെ നൂറ്റാണ്ടുകളായുള്ള ആഗോള വൈദഗ്ധ്യത്തിന്റെയും സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ വിശ്വാസ്യതയുടെയും പിന്തുണയുള്ള നൂതന ഇൻഷുറൻസ് പരിഹാരങ്ങളും വൈവിധ്യമാർന്ന ജീവിത ഘട്ടങ്ങളും ക്യാമ്പയിന്റെ ഭാഗമായി അവതരിപ്പിക്കുന്നുണ്ട്. ഇന്ത്യയുടെ ഇൻഷുറൻസ് വ്യാപനം ഇപ്പോഴും ജിഡിപിയുടെ നാല് ശതമാനത്തിൽ താഴെയായി തുടരുന്ന സമയത്ത് സമയബന്ധിതമായ സാമ്പത്തിക പരിരക്ഷയുടെ പ്രാധാന്യം എടുത്തുകാണിക്കാനാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. ഇത് ഓരോ ഇന്ത്യക്കാരനും ഇൻഷുറൻസ് ആക്സസ് ചെയ്യാവുന്നതും പ്രസക്തവുമാണെന്ന ജനറാലി സെൻട്രലിന്റെ ദൗത്യത്തെ ശക്തിപ്പെടുത്തുമെന്ന് ജനറാലി സെൻട്രൽ ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായ അലോക് റുങ്ത പറഞ്ഞു.

# യുപിഐ ഓൺബോർഡിങ്ങില്ലാതെ സാംസങ് വാലറ്റിലൂടെ പണമിടപാട് സൗകര്യം

**കൊച്ചി:** സാംസങ് വാലറ്റിന്റെ പുതിയ പതിപ്പ് അവതരിപ്പിച്ചു. ഇനി യുപിഐ ഓൺബോർഡിംഗ്, പിൻ എന്നിവയില്ലാതെ ബയോമെട്രിക് ഓഥന്റിക്കേഷൻ സൗകര്യങ്ങൾ ലഭ്യമാക്കുമെന്ന് സാംസങ് ഇന്ത്യ സീനിയർ ഡയറക്ടർ (സർവീസസ് ആൻഡ് ആപ്സ് ബിസിനസ്) മധുർ ചതുർവേദി പറഞ്ഞു. പുതിയ ഗാലക്സി ഫോണുകൾ സെറ്റപ്പ് ചെയ്യുന്നതിനിടെ തന്നെ യുപിഐ അക്കൗണ്ട് രജിസ്റ്റർ ചെയ്യാനുള്ള സംവിധാനമുള്ള ആദ്യ കമ്പനിയായി സാംസങ് മാറിയിരിക്കുന്നു. ഫോണിന്റെ പ്രാഥമിക ക്രമീകരണ ഘട്ടത്തിൽ തന്നെ ഉപയോക്താക്കൾക്ക് പേയ്മെന്റ് സംവിധാനത്തിലേക്ക് നേരിട്ട് പ്രവേശിക്കാം. കൂടാതെ, വിരലടയാളം അല്ലെങ്കിൽ മുഖം തിരിച്ചറിയൽ രീതി ഉപയോഗിച്ച് പിൻ ഇല്ലാതെ യുപിഐ പേയ്മെന്റ് നടത്താനും സാധിക്കും. ഇതിലൂടെ പേയ്മെന്റുകൾ വേഗത്തിലും സുരക്ഷിതമായും പൂർത്തിയാക്കാനാകും.




സാംസങ് വാലറ്റിൽ സൂക്ഷിച്ചിരിക്കുന്ന ടോക്കണൈസ്ഡ് ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ പ്രധാന ഓൺലൈൻ വ്യാപാരികളിൽ നേരിട്ട് ഉപയോഗിക്കാനും, ഫോറെക്സ് കാർഡുകൾ (ഡബ്ല്യു.എസ്.എഫ്.എക്സ് ഗ്ലോബൽ പേ), എ.യു ബാങ്ക് കാർഡുകൾ എന്നിവ ഉപയോഗിച്ച് ടാപ്പ് ആൻഡ് പേ വഴിയും ഇടപാടുകൾ നടത്താനും ഇനി സാധിക്കുമെന്നും മധുർ ചതുർവേദി പറഞ്ഞു.

## കൗതുകമായി മീകോസ് സീഫുഡ് മേളയിലെ 'നീരാളി' രുചിക്കൂട്ട്

**കൊച്ചി:** മത്സ്യപ്രേമികളുടെ ശ്രദ്ധാകേന്ദ്രമായി മീകോസ് സീഫുഡ് മേളയിലെ നീരാളി വിഭവങ്ങൾ. നാലാമത് ആഗോള മറൈൻ സിംപോസിയമായ മീകോസിനോടനുബന്ധിച്ച് നടത്തുന്ന സീഫുഡ് മേളയിലാണ് നീരാളി മോമൊ, നീരാളി റോസ്റ്റ് തുടങ്ങി വൈവിധ്യമായ വിഭവങ്ങളുള്ളത്. നീരാളി മാത്രമല്ല, കല്ലുമ്മക്കായ, ചെമ്മീൻ, കൂന്തൽ, മത്സ്യവിഭവങ്ങളും മേളയിലുണ്ട്.

മത്സ്യം ചേർത്ത് നിർമ്മിച്ച വിവിധയിനം പലഹാരങ്ങൾ, സാഗര സദ്യ, കല്ലുമ്മക്കായ നിറച്ചത് തുടങ്ങിയ വിഭവങ്ങൾ ലഭ്യമാണ്. രാവിലെ 10 മുതൽ രാത്രി 10 വരെയാണ് സമയം.




# ടിവിഎസ് ഓർബിറ്റർ കേരളത്തിൽ അവതരിപ്പിച്ചു




**കൊച്ചി:** ഇരുചക്ര, മുച്ചക്ര വാഹന വിഭാഗത്തിലെ ആഗോള മുൻനിരക്കാരായ ടിവിഎസ് മോട്ടോർ കമ്പനി തങ്ങളുടെ പുതിയ വൈദ്യുത വാഹനമായ ടിവിഎസ് ഓർബിറ്റ് കേരളത്തിൽ അവതരിപ്പിച്ചു. 158 കിലോമീറ്റർ ഐഡിസി റേഞ്ച്, ക്രൂസ് കൺട്രോൾ, 34 ലിറ്റർ ബൂട്ട് സ്പെയ്സ്, ഹിൽ ഹോൾഡ് അസിസ്റ്റ്, ആധുനിക കണക്ടഡ് സംവിധാനങ്ങൾ തുടങ്ങിയവ ടിവിഎസ് ഓർബിറ്ററിൽ ഉൾപ്പെടുന്നു. മേഖലയിൽ ആദ്യമായി 14 ഇഞ്ച് ഫ്രണ്ട് വീൽ അവതരിപ്പിച്ച് അതുല്യമായ സൗകര്യവും പ്രകടനവുമാണ് ടിവിഎസ് ഓർബിറ്റ് കാഴ്ച വെയ്ക്കുന്നതെന്ന് ടിവിഎസ് മോട്ടോർ കമ്പനി സീനിയർ വൈസ് പ്രസിഡന്റും കമ്യൂട്ടർ ആന്റ് ഇവി ബിസിനസ് കോർപറേറ്റ് ബ്രാൻഡ് ആന്റ് മീഡിയ മേധാവിയായ അനിരുദ്ധ ഹൽദാർ പറഞ്ഞു. പിഎം ഇഡ്രൈവ് ഉൾപ്പെടെ 1,04,600 രൂപയാണ് കൊച്ചിയിലെ എക്സ് ഷോറൂം വില.

കണക്ടഡ് മൊബൈൽ ആപ്പ്, മുന്നിലെ വൈസറുമായുള്ള എൽഇഡി ഹെഡ്ലാമ്പ്, കളർ എൽഇഡി ക്ലസ്റ്ററും ഇൻകമിങ് കോൾ ഡിസ്പ്ലേയും തുടങ്ങി ഉപഭോക്തൃ അനുഭവങ്ങൾ മെച്ചപ്പെടുത്തുന്ന നിരവധി സവിശേഷതകളുമായാണ് ടിവിഎസ് ഓർബിറ്റർ എത്തുന്നത്. ഇതിന്റെ 3.1 കിലോവാട്ട് ബാറ്ററിയും മെച്ചപ്പെടുത്തിയ എയറോഡൈനാമിക് ശേഷിയും വിപുലമായ റേഞ്ചിൽ സ്ഥിരതയോടും കാര്യക്ഷമതയോടും കൂടിയ പ്രകടനം ഉറപ്പാക്കുന്നുവെന്നും അനിരുദ്ധ ഹൽദാർ പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com